**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - പൊന്നാനി നഗരസഭ യിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. പി.എസ്.സന്തോഷ്കുമാറിനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.2946/ 2018/ തസ്വഭവ. തീയതി, തിരുവനന്തപുരം, 19.11.2018

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.09.2016 തീയതിയിലെ ഇ 26(എസ്.സി 6/ 16/ എൻ.ആർ.കെ) 25598/ 16/ യുഎ നമ്പർ കത്ത്

2. സർക്കാരിന്റെ 14.08.2017 തീയതിയിലെ ഇയു2- 245/ 2017- തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. ശ്രീ. പി.എസ്.സന്തോഷ്കുമാർ സമർപ്പിച്ച 19.10.2017 തീയതിയിലെ പ്രതിവാദപത്രിക

4. നഗരകാര്യ ഡയറക്ടറുടെ 04.09.2018 തീയതിയിലെ വി2- 20896/ 17 നമ്പർ കത്ത്.

## ഉത്തരവ്

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയുടെ ഭാഗമായി പൊന്നാനി നഗരസഭയിൽ 06.01.2016 തീയതിയിൽ നടത്തിയ പരിശോധനയിൽ ഹെൽത്ത് വിഭാഗത്തിൽ ഡി.ആൻഡ്.ഓ ലൈസൻസ് രജിസ്റ്റർ, ജനന, മരണ, വിവാഹ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ലായെന്നും ബിൽഡിങ് പെർമിറ്റ്, ഡി.ആൻഡ്.ഓ.ലൈസൻസ് എന്നിവ നൽകുന്നതിൽ കാലതാമസം വരുത്തിയെന്നും കണ്ടതിനാൽ ആയതിന് ഉത്തരവാദിയെന്ന് ആരോപിച്ച് ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. പി എസ്. സന്തോഷ് കുമാറിനെതിരായി നടപടി സ്വീകരിക്കുന്നതിന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.പി എസ്.സന്തോഷ്കുമാറിന് പരാമർശം 2 പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി. ആയതിന് ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു.

2. കുറ്റാരോപണമെമ്മോയിന്മേലുള്ള ശ്രീ.പിഎസ്.സന്തോഷ്കുമാറിന്റെ പ്രതിവാദ പത്രിക പ്രകാരം പൊന്നാനി നഗരസഭയിൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറും മൂന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും മാത്രമാണ് ഉള്ളതെന്നും അതിൽ ജനന, മരണ, വിവാഹ രജിസ്ട്രേഷനും സർട്ടിഫിക്കറ്റ് തയ്യാറാക്കലും വിതരണം ചെയ്യലും

രജിസ്റ്ററുകൾ തയ്യാറാക്കലും സബ് രജിസ്ട്രാറുടെ ചുമതലയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരാണ് ചെയ്യുന്നതെന്നും രജിസ്ട്രേഷന് അപ്രൂവലും തയ്യാറാക്കിയ സർട്ടിഫിക്കറ്റുകൾ ഒപ്പുവയ്ക്കുന്ന ചുമതലയാണ് ഹെൽത്ത് ഇൻസ്പെക്ട ർ ചെയ്യുന്നതെന്നും അതുപോലെ ഡി . ആൻഡ് . ഓ ലൈസൻസ് പരിശോധിച്ച് സെക്രട്ടറിക്ക് ശുപാർശ ചെയ്യുക മാത്രമാണ് ഹെൽത്ത് ഇൻസ്പെക്ട ർ ചെയ്യുന്നതെന്നും അറിയിക്കുന്നു. ഇവ കൂടാതെ നഗരസഭയിലെ 51 വാർഡുകളുലേയും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പരാതിപരിശോധിച്ച് നടപടിയെടുക്കൽ , ശുചീകരണത്തിന്റെ മേൽനോട്ടം, ഹോട്ടൽ പരിശോധന,നിരോധിതപ്ലാസ്റ്റിക് ക്യാരിബാഗ് പരിശോധന, ലഹരിഉത്പന്നങ്ങളുടെ പരിശോധന, നാൽക്കാലികളുടെ ഒഴിവാക്കൽ, കുടിവെള്ളവിതരണം,സിറ്റി സാനിറ്റേഷൻ പ്രോജക്ടിന്റെ ചുമതല, ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ സമയബന്ധിതമായ നടത്തിപ്പ് എന്നിവയും ഹെൽത്ത് ഇൻസ്പെക്ടർ ആയ താൻ പരാതിരഹിതമായി ചെയ്തിട്ടുള്ളതായി അറിയിക്കുന്നു. തന്റെ പേരിൽ നാളിതുവരെ പരാതികളൊന്നും ഉണ്ടായിട്ടില്ലായെന്നത് പരിഗണിച്ച് മനപൂർവ്വമല്ലാതെ എന്തെങ്കിലും പിഴവ് വന്നിട്ടുണ്ടെങ്കിൽ മാപ്പാക്കി ശിക്ഷാനടപടികളിൽനിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരുന്നു .

3. വിജിലൻസ് റിപ്പോർട്ടിന്റേയും ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും അടിസ്ഥാനത്തിൽ കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ മുഖേന നടത്തിയ പരിശോധന പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

4. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ. പി എസ്.സന്തോഷ് കുമാറിന്റെ മറുപടിയിൽ, പൊന്നാനി നഗരസഭയിലെ ഹെൽത്ത് ജീവനക്കാരുടെ കുറവും ജനന, മരണ,വിവാഹ രജിസ്ട്രേഷനും സർട്ടഫിക്കറ്റ് തയ്യാറാക്കലും വിതരണം ചെയ്യലും രജിസ്റ്ററുകൾ തയ്യാറാക്കലും സബ് രജിസ്ട്രാറുടെ ചുമതലയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരാണ് ചെയ്യുന്നതെന്നും വിശദീകരിക്കുന്നതായും വിജിലൻസ് റിപ്പോർട്ടിൽ പരാമർശിക്കുന്ന വിഷയത്തിൽ ഡി & ഒ ലൈസൻസ് സംബന്ധിച്ച് 2015-16 ലെ നിലവിലെ രജിസ്റ്റർ പരിശോധിച്ചതിൽ ആവശ്യമായ രേഖപ്പെടുത്തൽ കാണാൻ സാധിച്ചതായും അതോടൊപ്പം 2015-16 വർഷത്തെ ജനന, മരണ,രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്ററും വിവാഹ സർട്ടിഫിക്കറ്റ് സംബന്ധിച്ച രജിസ്റ്ററും കൃത്യമായി സൂക്ഷിച്ചിട്ടുള്ളതായും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ വിജിലൻസ് ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കപ്പെട്ടതായി കാണുന്നതിനാലും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കുകയില്ലായെന്ന ശ്രീ.പിഎസ്.സന്തോഷ്കുമാറിന്റെ മറുപടിയും പരിഗണിച്ച് ടിയാനെതിരായ നടപടി താക്കീത് നൽകി തീർപ്പാക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു .

5. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണ മെമ്മോ/പത്രിക എന്നിവയിൽ നൽകിയ മറുപടി, നഗരകാര്യ ഡയറക്ടറുടെയും കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെയും റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ, ഡി.ആൻഡ്.ഓ ലൈസൻസ് രജിസ്റ്റർ

ജനന്,മരണ,വിവാഹ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ലായെന്നും ബിൽഡിങ് പെർമിറ്റ്,ഡി.ആൻഡ്.ഓ.ലൈസൻസ് എന്നിവ നൽകുന്നതിൽ കാലതാമസം വരുത്തി എന്ന ആരോപണമാണ് ശ്രീ. പി.എസ്.സന്തോഷ്കുമാറിനെതിരായുള്ളത്. ഇക്കാര്യത്തിൽ ടിയാന്റെ മറുപടി പരിശോധിച്ചതിൽ ബിൽഡിങ് പെർമിറ്റ്, ഡി.ആൻഡ്.ഓ ലൈസൻസ് എന്നിവ നൽകുന്നതിൽ കാലതാമസം സംബന്ധിച്ച് വ്യക്തമായ കാരണം ബോധിപ്പിച്ചിട്ടില്ലാത്തതാണെന്ന് കാണുന്നു. കൂടാതെ ഇക്കാര്യത്തിൽ നഗരകാര്യ ഡയറക്ടറുടെയും കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെയും റിപ്പോർട്ടും പൂർണമായും അംഗീകരിക്കാവുന്നതല്ലായെന്ന് കാണുന്നു. .

6. മേൽ സാഹചര്യത്തിൽ വിജിലൻസ് കണ്ടെത്തലുകളിൽ ശ്രീ.പി എസ്.സന്തോഷ് കുമാറിന്റെ ഭാഗത്ത് മന:പൂർവ്വമല്ലാത്ത വീഴ്ചയുണ്ടായിട്ടുള്ളതായി ബോധ്യമായതിനാൽ, വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ പൊന്നാനി നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.പി.എസ്.സന്തോഷ്കുമാറിനെതിരായി ആരംഭിച്ച അച്ചടക്കനടപടി ലഘുശിക്ഷയായ ശാസന(Censure) നൽകി അവസാനിപ്പിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.പി.എസ്.സന്തോഷ്കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ, പൊന്നാനി നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ